**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3245** **15-02-2024 - ൽ മറുപടിയ്ക്ക്**

**റോഡിന്റെ പേരുമാറ്റത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിനുപോകുന്ന റോഡിന്റെ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോ മീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്കു സമീപം എം.സി റോഡിലേക്ക് ചേരുന്ന പി. ഡബ്ല്യൂ. ഡി. റോഡിന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ടി റോഡിന്റ നാമകരണം സംബന്ധിച്ച് നൽകിയ നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഈ വിഷയത്തിന്മേൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ 08/02/2024 ൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ റിപ്പോർട്ട് 13/02/2024 ൽ ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. |
| (സി) | റോഡിന്റെ പേരുമാറ്റം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | (സി) | ഈ വിഷയത്തിന്മേൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ 08/02/2024 ൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ റിപ്പോർട്ട് 13/02/2024 ൽ ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ